**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1430** **11.08.2017 ൽ മറുപടിയ്ക്ക്**

**"പച്ചക്കറിക്ഷാമവും വിലക്കയറ്റവും"**

| **ചോദ്യം**<br>ശ്രീ. ജോർജ്ജ് എം. തോമസ് | **ഉത്തരം**<br>ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) പച്ചക്കറിക്ഷാമവും വിലക്കയറ്റവും തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;<br><br>(ബി) ഓണക്കാലത്തെ പ്രസ്തുത പ്രശ്നം നേരിടുന്നതിന് ആവിഷ്കരിച്ച നടപടികൾ വിശദമാക്കുമോ? | (എ) യും (ബി) യും ഓണക്കാലത്തോടനുബന്ധിച്ച് സംസ്ഥാനത്ത് പച്ചക്കറി വിലവർദ്ധന നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ കൃഷിവകുപ്പ് ഓണസമൃദ്ധി 2017 എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്.<br><br>ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ വിപണി വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയേക്കാൾ 30% വരെ കുറഞ്ഞ വിലയ്ക്ക് പഴം പച്ചക്കറികൾ ലഭ്യമാക്കുന്ന 1500 ഓളം സ്റ്റാളുകൾ 2017 ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 3 വരെ സംസ്ഥാനത്തുടനീളം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം സഹകരണ സംഘങ്ങൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, കുടുംബശ്രീ എന്നിവയുടെ ഓണമാർക്കറ്റുകൾ വഴിയും കുറഞ്ഞ നിരക്കിൽ ഗുണനിലവാരമുള്ള പച്ചക്കറികൾ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 63 ലക്ഷം കുടുംബങ്ങളിലൂടെ 'ഓണത്തിനൊരു മുറം പച്ചക്കറി' എന്ന വിപുലമായ ഒരു പദ്ധതിയും ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**